ആലപ്പുഴ	549
കോട്ടയം	196
ഇടുക്കി	636
എറണാകുളം	549
തൃശൂർ	820
പാലക്കാട്	1361
മലപ്പുറം	1176
കോഴിക്കോട്	653
വയനാട്	765
കണ്ണൂർ	249
കാസർഗോഡ്	453

(ബി) ബ്ലോക്കു പഞ്ചായത്തുകളാണ് ഈ പദ്ധതി ജില്ലകളിൽ നടപ്പാക്കിയിട്ടുള്ളത്.

(സി) പഞ്ചായത്തടിസ്ഥാനത്തിലുള്ള കണക്കുകൾ ഇപ്പോൾ ലഭ്യമല്ല.

(ഡി) മണ്ണ്/ജലസംരക്ഷണം, ചെറുകിട ജലസേചനം, റോഡുകൾ, പൊതുമന്ദിരങ്ങൾ എന്നീ മേഖലകളിലാണ് ചെലവഴിച്ചിട്ടുള്ളത്.

(ഇ) പ്രത്യേകം നിയുക്തമായ ചാർട്ടേർഡ് അക്കൗണ്ടന്റുമാർ, ജില്ലാ തല ആഡിറ്റിംഗ് നടത്തിയിട്ടുണ്ട്. ഇവരുടെ ആഡിറ്റ് റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

396 (1589) മോഡൽ സാനിട്ടേഷൻ വില്ലേജുകൾ

ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അർബൻ ആന്റ് റൂറൽ ഡെവലപ്മെന്റ് സംബന്ധിച്ച പാർലമെന്റിന്റെ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശുപാർശപ്രകാരം കൊല്ലം ജില്ലയിലെ ശൂരനാട് നോർത്ത്, വെസ്റ്റ് കല്ലട എന്നീ വില്ലേജുകളെ മോഡൽ സാനിട്ടേഷൻ വില്ലേജുകളായി വികസിപ്പിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ മിനിസ്ട്രി ഓഫ് റൂറൽ ഏരിയാസ് ആന്റ് എംപ്ലോയ്മെന്റ് 24.7.1995-ലെ ഡബ്ല്യൂ 11023/15/95 -സി.ആർ.എസ്.പി.(എം.വി) നമ്പരായി ആദ്യ ഗഡു എന്ന നിലയിൽ 12.579 ലക്ഷം രൂപ റിലീസ് ചെയ്തുകൊണ്ടുള്ള സാംഗ്ഷൻ ഓർഡർ നൽകിയിട്ടുണ്ടോ;

(ബി) ഈ തുക വിനിയോഗിച്ച് പ്രസ്തുത വില്ലേജുകളിൽ പണിയാരംഭിക്കുന്നതിനുള്ള ഉദ്ഘാടനം എന്നു നടത്തി;

(സി) ഈ പദ്ധതിയനുസരിച്ച് സംസ്ഥാന ഗവൺമെന്റ് നൽകേണ്ടതായ മാച്ചിംഗ് ഗ്രാന്റു നൽകിയോ;

(ഡി) ഈ പദ്ധതിയനുസരിച്ചുള്ള പണികൾ പൂർത്തിയായോ;

(ഇ) ഇല്ലെങ്കിൽ എന്നേയ്ക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നൽകിയിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) ശൂരനാട് നോർത്തിൽ 2.10.1997 നും വെസ്റ്റ് കല്ലടയിൽ 27.4.1997-നും ഉദ്ഘാടനം നടത്തി.

(സി) നൽകിയിട്ടുണ്ട്.

(ഡി) പൂർത്തിയായിട്ടില്ല. പണികൾ പുരോഗമിച്ചുവരുന്നു.

(ഇ) ശൂരനാട് നോർത്ത് 30.6.2000-ലും, വെസ്റ്റ് കല്ലട 31.8.2000-ലും പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

397 (1590) റോഡ് സഞ്ചാരയോഗ്യമാക്കാൻ നടപടി

ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി പഞ്ചായത്തിൽ പള്ളിപ്പടി ചെങ്ങറമുക്ക് (വടശ്ശേരിക്കര പഞ്ചായത്ത്) ഗ്രാമീണ റോഡ് നബാർഡ് ഏറ്റെടുത്ത് സഞ്ചാരയോഗ്യമാക്കുവാൻ റാന്നി ബ്ലോക്കിന്റെ പ്രൊപ്പോസൽ ഗ്രാമ വികസന വകുപ്പിൽ ലഭിച്ചിട്ടുണ്ടോ;

(ബി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച റോഡിന്റെ ടെൻഡർ പൂർത്തിയാക്കി സഞ്ചാരയോഗ്യമാക്കുവാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത പ്രൊപ്പോസൽ 18.11.1999-ൽ നബാർഡിന്റെ പരിഗണനയ്ക്കും അംഗീകാരത്തിനുമായി ഗ്രാമവികസന കമ്മീഷണർ അയച്ചിട്ടുണ്ട്. നബാർഡിന്റെ അനുമതി ലഭ്യമാക്കാൻ ടെൻഡർ തുടങ്ങിയ നടപടികൾ സ്വീകരിക്കുവാനായി ബ്ലോക്കുപഞ്ചായത്ത് അധികൃതർക്ക് നിർദ്ദേശം നൽകുന്നതാണ്.

398 (1591) നബാർഡിന്റെ സഹായത്തോടെ പദ്ധതികൾ

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജകമണ്ഡലത്തിൽപ്പെട്ട വികസന ബ്ലോക്കുകൾവഴി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കാൻ വേണ്ടി ഏതെല്ലാം പദ്ധതികൾക്കാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഇതിൽ ഏതെല്ലാം അപേക്ഷകൾ നബാർഡിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചു എന്ന് വിശദീകരിക്കുമോ;

(ബി) നബാർഡിനു സമർപ്പിച്ചവയിൽ ഏതെല്ലാം പണികൾക്കാണ് അനുമതി ലഭിയ്ക്കാനുള്ളത്. അനുമതി ഇതുവരെ ലഭിക്കാതിരിക്കാൻ കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(സി) നബാർഡ് വികസന ബ്ലോക്കുകൾ വഴിയല്ലാതെ ഏതെങ്കിലും പണി ഏറ്റെടുക്കുമോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly